FIN·B2-16744/19.



# വകുപ്പുതല പരിശോധനാ റിപ്പോർട്ട്

## ജില്ലാ പട്ടികജാതി വികസന ഓഫീസ്, പാലക്കാട്

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 01.02.2018 മുതൽ 31.03.2019 വരെ |
| പരിശോധനാ തീയതി | : | 22.07.2019 മുതൽ 27.07.2019 വരെ |
| പരിശോധനാ വിഭാഗം | : | ഫിനാൻസ് സി ആഡിറ്റ് സെക്ഷൻ |
| ജൂനിയർ സൂപ്രണ്ട് | : | വി. എസ്. കൃഷ്ണകുമാർ |
| സീനിയർ ക്ലാർക്ക് | : | ബി. കെ. ഗോപകുമാർ |

### പരിശോധനാ കാലയളവിൽ ഓഫീസിന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ :-

**എ. ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ :-**

| ക്രമ നം. | പേര് | പെൻ നം. | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി. പി. ഉഷാദേവി (I/C) | 226841 | 01.02.2018 മുതൽ 15.02.2018 വരെ |
| 2 | ശ്രീ. വി. സജീവ് | 227004 | 16.02.2018 മുതൽ 27.09.2018 വരെ |
| 3 | ശ്രീ. കെ. രാജഗോപാൽ (I/C) | 226803 | 28.09.2018 മുതൽ 03.10.2018 വരെ |
| 4 | ശ്രീ. കെ. വി. രവിരാജ് | 227124 | 04.10.2018 മുതൽ തുടരുന്നു |

**ബി. അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ആഫീസർമാർ :-**

| ക്രമ നം. | പേര് | പെൻ നം. | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി. പി. ഉഷാദേവി | 226841 | 01.02.2018 മുതൽ 15.02.2018 വരെ |
| 2 | ശ്രീ. പി. വി. ശ്രീനിവാസൻ (I/C) | 227205 | 16.02.2018 മുതൽ 26.02.2018 വരെ |
| 3 | ശ്രീമതി. പി. സബിത | 227387 | 27.02.2018 മുതൽ 08.06.2018 വരെ |
| 4 | ശ്രീ. പി. വി. ശ്രീനിവാസൻ | 227205 | 09.06.2018 മുതൽ 14.09.2018 വരെ |
| 5 | ശ്രീ. കെ. രാജഗോപാൽ | 226803 | 15.09.2018 മുതൽ 17.10.2018 വരെ |
| 6 | കുമാരി. ശ്രീജ. കെ. എസ് | 506979 | 17.10.2018 മുതൽ തുടരുന്നു |

ഭാഗം - I

### ആമുഖം

**(A). വകുപ്പുതല പരിശോധനാ റിപ്പോർട്ട് സംബന്ധിച്ച് :**

(എ). 01.04.2014 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ട് 20.10.17 -ലെ ഫിൻ. ബി2/28381/17 നമ്പർ കത്ത് പ്രകാരം ലഭിച്ചിരുന്നുവെങ്കിലും ആയതിന് നാളിതുവരെ ഒരു പ്രാഥമിക മറുപടി പോലും അയച്ചു കൊടുത്തതായി കാണുന്നില്ല. (ഫയൽ നം. ജെ-20764/17). ടി റിപ്പോർട്ടിനുള്ള മറുപടി താമസംവിനാ അയച്ചു കൊടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ബി). 01.01.2017 മുതൽ 31.01.2018 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് 05.05.18 -ലെ ഫിൻ. ബി2-9752/18 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയിരുന്നു. എന്നാൽ ടി റിപ്പോർട്ടിനും മറുപടി നൽകിക്കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിയ്ക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**(B). അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന**

പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസിലെ 01.07.16 മുതലുള്ള കണക്കുകൾ 08.05.17 മുതൽ 31.05.17 വരെയുള്ള തീയതികളിൽ അക്കൗണ്ടന്റ് ജനറൽ പരിശോധിച്ചതായി കാണുന്നു. ഈ പരിശോധ റിപ്പോർട്ട് ഓഫീസിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരി യ്ക്കേണ്ടതാണ്. (ഫയൽ നം. - ജെ-11100/17).

അക്കൗണ്ടന്റ് ജനറലിന്റെ മുൻപരിശോധനാ റിപ്പോർട്ടുകളിൽ ധാരാളം ഖണ്ഡികകൾക്ക് ഇനിയും മറുപടി നൽകിക്കാണുന്നില്ല. ടി റിപ്പോർട്ടുകളിൽ തീർപ്പാക്കാതെ ശേഷിയ്ക്കുന്ന ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു. അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട് ഈ ഖണ്ഡികകളുടെ ഇപ്പോഴത്തെ സ്ഥിതി വിലയിരുത്തി തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ക്രമ നം. | പരിശോധനാ റിപ്പോർട്ട് | തീർപ്പാക്കാനുള്ള ഖണ്ഡികകൾ |
|---|---|---|
| 1 | OA(HQ)IV/II/12-402/07-08 | Part II B – Para II, V, VI, VIII |
| 2 | OA(HQ)IV/II/12-396/09-10 | Part II B – Para IV, V, VI, IX, X |
| 3 | OA(HQ)IV/II/12-215/10-11 | Part II B – Para I |
| 4 | OA(HQ)IV/II/12-09/12-13 | Part II B – Para IV |
| 5 | OA(HQ)IV/II/12-18/13-14 | Part II B – Para I, II, VIII, VIII |
| 6 | OA(HQ)IV/II/12-83/14-15 | Part II B – Para I, II, III, IV, VI, VII |
| 7 | OA(HQ)IV/II/12-79/15-16 | Part II B – Para I to IX |
| 8 | OA(HQ)IV/II/12-66/16-17 | Part II B – Para I to IX |

പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസിലെ 01.02.2018 മുതൽ 31.03.2019 വരെയുള്ള കണക്കുകളുടേയും പദ്ധതി പ്രവർത്തനങ്ങളുടേയും പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

**ഭാഗം II**

**ക്യാഷ് ബുക്കും അനുബന്ധരേഖകളും :**

**(1) ബിൽ ബുക്കും ക്യാഷ്ബുക്കും :**

(a) ചുവടെ ചേർക്കുന്ന ചില ശമ്പള പരിഷ്കരണ കുടിശ്ശിക ബില്ലുകളുടെ തുക ബിൽബുക്കിലെ Amount Passed by the Treasury എന്ന കോളത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം 'NIL' എന്നാണ് എഴുതിയിട്ടുള്ളത്. ഇവയിൽ ചില ബില്ലുകളുടെ തുക ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തിട്ടുണ്ട്. ചില ബിൽ തുകകൾ ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തു കാണുന്നില്ല. മറ്റുചില പേറിവിഷൻ അരിയർ ബില്ലുകളുടെ കാര്യത്തിൽ ബിൽബുക്കിലെ Amount Passed by the Treasury എന്ന കോളത്തിൽ (കോളം 10) - ഉദാ:- (ക്രമ നം. 8, 9, 10) എന്നാൽ തുകകൾ എഴുതി പാസ്സാക്കുകയും അവ ക്യാഷ്ബുക്കിൽ വരവ് ചെലവ് കാണിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു ചില ബിൽ തുകകൾ (ക്രമ നം. 1 മുതൽ 7 വരെ) ക്യാഷ്ബുക്കിൽ വരവ് ചെലവ് രേഖപ്പെടുത്താതിരിക്കുകയും ചെയ്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. (G.O(P) No. 138/16/FIN, Dated : 23.09.2016 പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന തുകകളുടെയും വരവ് ചെലവ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്.)

| ക്രമ നം. | ബിൽ നമ്പർ | ബിൽ തുക | തീയതി | ബിൽബുക്കിലെ കോളം 10 -ലെ രേഖപ്പെടുത്തൽ | അഭിപ്രായം |
|---|---|---|---|---|---|
| 1 | EB/177/17 | Rs. 17987/- | 22.02.2018 | NIL | ക്യാഷ്ബുക്കിൽ ചേർത്തിട്ടുണ്ട്. |
| 2 | EB/29/18 | Rs. 7501/- | 18.05.2018 | NIL | ക്യാഷ്ബുക്കിൽ വരവ് ചെലവ് കാണിച്ചിട്ടില്ല |
| 3 | EB/30/18 | Rs. 17120/- | 18.05.2018 | NIL | ക്യാഷ്ബുക്കിൽ വരവ് ചെലവ് കാണിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 4 | EB/35/18 | Rs. 15235/- | 18.05.2018 | NIL | ക്യാഷ്ബുക്കിൽ വരവ് ചെലവ് കാണിച്ചിട്ടില്ല |
| 5 | EB/70/18 | Rs. 14960/- | 28.06.2018 | NIL | ക്യാഷ്ബുക്കിൽ വരവ് ചെലവ് കാണിച്ചിട്ടില്ല |
| 6 | EB/89/18 | Rs. 14239/- | 11.07.2018 | NIL | ക്യാഷ്ബുക്കിൽ വരവ് ചെലവ് കാണിച്ചിട്ടില്ല |
| 7 | EB/161/18 | Rs. 45321/- | 29.09.2018 | NIL | ക്യാഷ്ബുക്കിൽ വരവ് ചെലവ് കാണിച്ചിട്ടില്ല |
| 8 | EB/32/18 | Rs. 51191/- | 18.05.2018 | 51191 | ബിൽ ബുക്കിൽ തുക എഴുതി പാസ്സാക്കിയിട്ടുണ്ട്. ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തിട്ടുണ്ട്. |
| 9 | EB/33/18 | Rs. 9061/- | 18.05.2018 | 9061 | ബിൽ ബുക്കിൽ തുക എഴുതി പാസ്സാക്കിയിട്ടുണ്ട്. ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തിട്ടുണ്ട്. |
| 10 | EB/34/18 | Rs. 45321/- | 18.05.2018 | 47702 | ബിൽ ബുക്കിൽ തുക എഴുതി പാസ്സാക്കിയിട്ടുണ്ട്. ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തിട്ടുണ്ട്. |

(b) ചുവടെ ചേർക്കുന്ന ബിൽ തുകകൾ ക്യാഷ്ബുക്കിൽ വരവ് ചെലവ് രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതും 'റെഡ് എൻട്രി' വരുത്തി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

| ക്രമ നം. | ബിൽ നമ്പർ | ബിൽ തുക | തീയതി | ബിൽബുക്കിലെ കോളം 10 -ലെ രേഖപ്പെടുത്തൽ |
|---|---|---|---|---|
| 1 | CB/651/17-18 | Rs. 2,75,000/- | 28.02.2018 | 52 |
| 2 | CB/652/17-18 | Rs. 53,400/- | 28.02.2018 | 52 |
| 3 | CB/653/17-18 | Rs. 11,08,195/- | 28.02.2018 | 52 |
| 4 | CB/654/17-18 | Rs. 54,843/- | 28.02.2018 | 52 |
| 5 | CB/655/17-18 | Rs. 1,37,500/- | 22.02.2018 | 52 |
| 6 | CB/656/17-18 | Rs. 11,15,991/- | 22.02.2018 | 52 |

(c) ബിൽ നമ്പർ CB/766/17-18 പ്രകാരം 22.03.18 -ന് പാസ്സാക്കിയ 33,000/- രൂപ അന്നേദിവസം ക്യാഷ്ബുക്കിൽ വരവ് രേഖപ്പെടുത്തിയ ശേഷം വെട്ടിയിരിക്കുന്നു. പിന്നീട് ഈ തുക ക്യാഷ്ബുക്കിൽ വരവോ ചെലവോ രേഖപ്പെടുത്തിക്കാണുന്നുമില്ല. വിശദീകരണം നൽകേണ്ടതാണ്.

(d) 2017-18 വർഷത്തെ ബിൽബുക്കിലെ ക്രമ നമ്പർ 350 മുതൽ 358 വരെയും 360 മുതൽ 361 വരെയും ഉള്ള ബില്ലുകളുടെ നമ്പർ ബിൽബുക്കിലോ, ക്യാഷ്ബുക്കിലോ രേഖപ്പെടുത്തിക്കാണുന്നില്ല. കാരണം വ്യക്തമാക്കേണ്ടതും ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

(e) 2017-18 -ലെ ബിൽബുക്കിൽ ക്രമ നമ്പർ 361 ആയി ലീവ് സറണ്ടർ ഇനത്തിൽ 30,719/- രൂപ 27.03.18 -ന് പാസ്സാക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി തുക വരവ് ചെലവ് ചേർത്തു കാണുന്നില്ല. നിജസ്ഥിതി അറിയിക്കേണ്ടതാണ്.

(f) 2017-18, 2018-19 വർഷത്തെ ബിൽബുക്ക് പേജുകളിൽ ഓഫീസറുടെ ഡെസിഗ്നേഷൻ, ട്രഷറിയുടെ പേര് എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(g) KTC Vol. I, Rule 92(a)(ii) പ്രകാരം ക്യാഷ്ബുക്കിലെ ഓരോ വരവ് ചെലവ് രേഖപ്പെടുത്തലും ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 22.10.18 മുതൽ 18.02.19 വരെയുള്ള കാലയളവിൽ അപ്രകാരം ചെയ്തു കാണുന്നില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(h) പരിശോധനാ തീയതിയായ 22.07.19 -ന് ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക ഇല്ല. ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## (2) STSB അക്കൗണ്ട് നം. - 714011400000188

(a) പരിശോധനാ വേളയിൽ (24.07.2019 -ന്) ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക ഇല്ല. ചുവടെ ചേർക്കുന്ന എസ്.റ്റി.എസ്.ബി ചെക്കുകൾ റദ്ദു ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | SB/XY No. 2106755 | 18.08.2018 | Rs. 22,500/- |
| 2 | SB/XY No. 2106756 | 30.08.2018 | Rs. 22,500/- |
| 3 | SB/XY No. 2106758 | 26.09.2018 | Rs. 750/- |

(b) ഈ അക്കൗണ്ടുകൾ നിലനിറുത്തേണ്ട ആവശ്യമുണ്ടോയെന്നു പരിശോധിക്കുകയും ആവശ്യമില്ലാത്ത ഇതിലെ തുക സർക്കാരിലേക്ക് തിരിച്ചടക്കുയും ചെയ്യേണ്ടതാണ്. ഈ അക്കൗണ്ടുമായി ബന്ധപ്പെട്ട ചെക്ക് ഇഷ്യൂ രജിസ്റ്റർ, കൗണ്ടർഫോയിൽ എന്നിവയിൽ പലപ്പോഴും ഓഫീസർ സാക്ഷ്യപ്പെടുത്തൽ വരുത്തിക്കാണുന്നില്ല. ചെക്കുകൾ കൈപ്പറ്റിയവരുടെ ഒപ്പ് കൗണ്ടർഫോയിലിന്റെ മറു വശത്ത് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം ന്യൂനതകൾ പരിഹരിയ്ക്കേണ്ടതാണ്.

## (3) TSB അക്കൗണ്ട് നം. - 714011400000056

അട്രോസിറ്റി ഗ്രാന്റുമായി ബന്ധപ്പെട്ട ഈ അക്കൗണ്ടിൽ നിലവിൽ 17,27,942/- രൂപ നീക്കിയിരിപ്പായുണ്ട്. ഈ തുക വിതരണം ചെയ്യാതെ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (4) PD അക്കൗണ്ട് നം. - 799011700000504

ചികിത്സാ ധനസഹായവുമായി ബന്ധപ്പെട്ട ഈ അക്കൗണ്ടിൽ നിലവിൽ നീക്കിയിരിപ്പ് തുക ഇല്ല എന്നാണ് അറിയിച്ചത്. ബന്ധപ്പെട്ട പാസ്ബുക്ക് ട്രഷറിയുമായി ബന്ധപ്പെട്ട് അപ്ടുഡേറ്റ് ആക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## (5) റ്റി.ആർ-5 രസിത് ബുക്കും അവയുടെ സ്റ്റോക്ക് രജിസ്റ്ററും

(a) റ്റി.ആർ-5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഇപ്പോൾ പരിപാലിച്ചിട്ടുണ്ട്. അതു പ്രകാരം ഈ ആഫീസിൽ പുതിയ മാതൃകയിലുള്ള (Centralized numbering system പ്രകാരമുള്ള) 2 റ്റി.ആർ-5 രസീതു ബുക്കുകൾ ഉണ്ട്. ഇതിൽ റ്റി.ആർ-5 ബുക്ക് നം. 06440 -ലെ രസീത് നമ്പർ 643904 മുതൽ 643907 വരെ പരിശോധനാ കാലയളവിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ 643904 നമ്പർ രസീതിന്റെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും ബുക്കിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. ഡ്യൂപ്ലിക്കേറ്റ് രസീത് ബന്ധപ്പെട്ടവർക്ക് നൽകി കാണുന്നില്ല. രസീതിൽ തീയതി വച്ചിട്ടില്ല. ഡബിൾ കാർബൺ ഉപയോഗിച്ചല്ല എഴുതിയിട്ടുള്ളത്. വിശദീകരണം നൽകേണ്ടതാണ്.

(b) 643905, 643906 എന്നീ രസീതുകളുടെ ഒറിജിനലിന് പകരം ഡ്യൂപ്ലിക്കേറ്റ് രസീതുകളാണ് ബുക്കിൽ സൂക്ഷിച്ചിട്ടുള്ളത്. രസീത് പ്രകാരം ഈടാക്കിയ തുകകൾ ട്രഷറിയിൽ ഒടുക്കിയതിന്റെ വിവരങ്ങളും രസീതുകളുടെ മറുവശത്ത് രേഖപ്പെടുത്തിയിട്ടുമില്ല. വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിയ്ക്കേണ്ടതുമാണ്

(c) 6440 നമ്പർ റ്റി.ആർ-5 രസീത്ബുക്കിലെ 643906 നമ്പർ രസിതിൽ രേഖപ്പെടുത്തിയ വിവരങ്ങൾ കാർബൺ പേപ്പർ തെറ്റായി ഉപയോഗിച്ചതു കാരണം 643907 നമ്പർ രസീതിന്റെ ഒറിജിനലിൽ പതിഞ്ഞിട്ടുണ്ട്.

ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പിയിൽ രേഖപ്പെടുത്തലുകളൊന്നും ഇല്ല. ഡബിൾ കാർബൺ ശരിയായ രീതിയിൽ ഉപയോഗിയ്ക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും ടി നമ്പർ രസീതിന്റെ ഒറിജിനലും ഡ്യൂപ്ലിക്കേറ്റും റദ്ദു ചെയ്ത് സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതുമാണ്.

(6) **ഡി.ഡി രജിസ്റ്റർ**

2018-19 വർഷത്തിൽ തുകകളൊന്നും ഡി.ഡി ആയി മാറിയിട്ടില്ല. തുകകൾ ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ ഡി.ഡി രജിസ്റ്റർ പരിപാലിയ്ക്കേണ്ടി വരുന്നില്ല.

(7) **അക്വിറ്റൻസ് (ഫുൾ ടൈം സ്റ്റാഫ്)**

ശമ്പളവും മറ്റാനുകൂല്യങ്ങളും ബന്ധപ്പെട്ട ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനാൽ ഇപ്പോൾ അക്വിറ്റൻസ് രജിസ്റ്റർ പരിപാലിച്ചു വരുന്നില്ല. ബിൽ പകർപ്പുകൾ ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. ക്രെഡിറ്റ് സ്റ്റേറ്റ്മെന്റ്/അക്നോളജ്മെന്റ് സ്ലിപ് വച്ചിട്ടുണ്ട്. എന്നാൽ അവ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്. G.O(P) No. 138/16/FIN: Dated : 23.09.2016 -ലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

(8) **അക്വിറ്റൻസ് (പാർട്ട് ടൈം സ്റ്റാഫ്)**

ഇപ്പോൾ അക്വിറ്റൻസ് പരിപാലിച്ചു വരുന്നില്ല. ബിൽപകർപ്പുകൾ ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. G.O(P) No. 138/16/FIN: Dated : 23.09.2016 -ലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

(9) **അക്വിറ്റൻസ് (അപ്രന്റീസ് ക്ലാർക്ക്)**

ഇപ്പോൾ അക്വിറ്റൻസ് പരിപാലിച്ചു വരുന്നില്ല. ബിൽപകർപ്പുകൾ ക്രമമായി സൂക്ഷിച്ചിട്ടുണ്ട്. G.O(P) No. 138/16/FIN: Dated : 23.09.2016 -ലെ നിർദ്ദേശങ്ങൾ പാലിയ്ക്കേണ്ടതാണ്.

(10) **ചെല്ലാൻ ഫയൽ**

ചെല്ലാൻ ഫയൽ പരിപാലിച്ചിട്ടുണ്ട്. മറ്റു പരാമർശങ്ങളില്ല.

(11) **ശമ്പളബിൽ പകർപ്പുകൾ**

ശമ്പള ബിൽപകർപ്പുകൾ ക്രമമായി അടുക്കി വച്ചിട്ടുണ്ട്. അവയിൽ തുകകൾ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത തീയതി കൂടി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. തുകകൾ ക്രെഡിറ്റ് ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. മറ്റു പരാമർശങ്ങളില്ല.

(12) **കണ്ടിജന്റ് ബിൽ പകർപ്പുകൾ**

(a) കണ്ടിജന്റ് ബിൽ പകർപ്പുകൾ വർഷം തിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. അവയിൽ ബിൽ നമ്പർ മാത്രമേ രേഖപ്പെടുത്തിക്കാണുന്നുള്ളൂ. തുകകൾ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്ത തീയതി കൂടി രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. ബിൽ പകർപ്പുകളോടൊപ്പം വൗച്ചറുകളും വച്ചിട്ടുണ്ട്. എന്നാൽ ബിൽ പകർപ്പുകളോടൊപ്പം വച്ചിട്ടുള്ള ക്രെഡിറ്റ് സ്റ്റേറ്റ്മെന്റുകളിലും അക്നോളജ്മെന്റ് റസീപ്റ്റുകളിലും ഓഫീസർ സാക്ഷ്യപ്പെടുത്തൽ വരുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(b) ബിൽ നം. CB/416/2018-19 Carrer guidance seminar 2018-19 പ്രകാരമുള്ള 1,18,780/- രൂപയുടെ അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് ബില്ലിനോടൊപ്പം വച്ചിട്ടുള്ള 06.10.18 -ലെ 10,000/- രൂപയുടെ രസീതിൽ/വൗച്ചറിൽ ആയത് നൽകിയ ആളുടെ ഒപ്പ്, പേര്, ഡെസിഗ്നേഷൻ എന്നിവ രേഖപ്പെടുത്തിക്കാണുന്നില്ല. ശരിയായ മേൽവിലാസവും ഒപ്പും രേഖപ്പെടുത്തിയ വൗച്ചർ വാങ്ങി സൂക്ഷിയ്ക്കേണ്ടതും ആയതിന്റെ ശരിപ്പകർപ്പ് പരിശോധനയ്ക്കായി അയച്ചു തരേണ്ടതുമാണ്.

(c) 12/2018 മുതലുള്ള കണ്ടിജന്റ് ബിൽപകർപ്പുകളിൽ തുക ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തത് സംബന്ധിച്ച അക്നോളജ്മെന്റ് റെസീപ്റ്റ് ലഭ്യമാക്കി സാക്ഷ്യപ്പെടുത്തി വച്ചിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം III

### വിവിധ പദ്ധതികൾ സംബന്ധിച്ച്

### 1. ലംപ്സംഗ്രാന്റ് വിതരണം

ജില്ലയിൽ 2017-18, 2018-19 വർഷങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | | | ചെലവഴിച്ച തുക |
|---|---|---|---|---|
| | ആൺ | പെൺ | മൊത്തം | |
| 2017-18 | 26695 | 25699 | 52394 | 43092743 |
| 2018-19 | 27942 | 26899 | 54841 | 34672520 |

എല്ലാ എസ്.സി.ഡി.ഒ -മാരും ലംപ്സംഗ്രാന്റ്/സ്റ്റൈപ്പന്റ് ഓഡിറ്റ് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെന്നും, യു.സി സമയബന്ധിതമായി അയയ്ക്കുന്നുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ആഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

### 2. പ്രതിമാസ സ്റ്റൈപ്പന്റ്

ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് 2017-18, 2018-19 എന്നീ വർഷങ്ങളിൽ നൽകിയ പ്രതിമാസ സ്റ്റൈപ്പന്റ് വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | തുക |
|---|---|---|
| 2017-18 | 381 | 129540 |
| 2018-19 | 709 | 1500040 |

എല്ലാ എസ്.സി.ഡി.ഒ -മാരും സമയബന്ധിതമായി ഈ ആനുകൂല്യം മാറി നൽകുന്നുണ്ടെന്ന് ജില്ലാ പട്ടികജാതി വികസന ആഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

### 3. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം

ഇ-ഗ്രാന്റ്സ് വഴി പാലക്കാട് ജില്ലയിൽ 2017-18, 2018-19 വർഷങ്ങളിൽ വിതരണം ചെയ്ത പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കാറ്റഗറി | കുട്ടികളുടെ എണ്ണം | ആകെ ചെലവ് ലക്ഷത്തിൽ |
|---|---|---|---|
| 2017-18 | SC | 16458 | 2381.57 |
| | OEC | 5968 | 1198.6 |
| | OBC | 25638 | 598.96 |
| | KPCR | 4013 | 76.06 |
| | SEBC | 2747 | 228 |
| | FC | 776 | 71.36 |
| 2018-19 | SC | 16646 | ചെലവ് വിവരം ഇ-ഗ്രാന്റ്സ് സൈറ്റിൽ നിന്ന് ലഭിച്ചിട്ടില്ല. |
| | OEC | 6327 | |
| | OBC | 10175 | |
| | SEBC | 18381 | |
| | FC & KPCR | 5349 | |

പരാതികൾക്ക് ഇട നൽകാതെ എല്ലാ വിദ്യാർത്ഥികൾക്കും സമയബന്ധിതമായി വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നുണ്ടെന്ന് അസി. ജില്ലാ പട്ടികജാതി വികസന ആഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

**4. പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം**

ജില്ലയിൽ 2017-18, 2018-19 വർഷങ്ങളിൽ വിതരണം ചെയ്ത പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2017-18 | 3875 (എസ്.സി) | 47388396 |
| 2018-19 | 5119 (എസ്.സി) | 34215666 |

വിതരണം സംബന്ധിച്ച ഫയലുകൾ വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഓരോ വർഷവും അനുമതി നൽകുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രിന്റ് എടുത്ത് ഒരു രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിക്കേണ്ടതാണ്. ന്യൂനത പരിഹരിക്കേണ്ടതാണ്.

**5. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്**

2017-18, 2018-19 വർഷങ്ങളിൽ ടി പദ്ധതി പ്രകാരം ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | | | ചെലവഴിച്ച തുക |
|---|---|---|---|---|
| | ആൺ | പെൺ | ആകെ | |
| 2017-18 | 77 | 395 | 472 | 3636000 |
| 2018-19 | 82 | 411 | 493 | 2238250 |

രജിസ്റ്ററുകൾ നന്നായി പരിപാലിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ആഫീസർമാർ പരിശോധിക്കുന്നുണ്ടെന്നും എസ്.സി പ്രൊമോട്ടർമാർ കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തി പഠന നിലവാരം പരിശോധിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് സമയബന്ധിതമായി അയക്കുന്നുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ആഫീസർ ഉറപ്പു വരുത്തേണ്ടതാണ്. 2018-19 -ലെ സെമിനാർ നാല് സ്ഥലങ്ങളിലായി വിവിധ തീയതികളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ടി ആവശ്യത്തിലേയ്ക്ക് മാറിയ മുൻകൂർ ബില്ലുകൾ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ് ഫയലിൽ കാണുന്നില്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യുക.

**6. പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്**

ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിൽ (സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ) പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2017-18, 2018-19 എന്നീ വർഷങ്ങളിൽ പ്രാഥമിക ചെലവുകൾ വഹിക്കുന്നതിനു വേണ്ടി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

**(a). പ്രൈമറി എയ്ഡ്**

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 20423 | 40846000 |
| 2018-19 | 21024 | 42048000 |

**(b). സെക്കണ്ടറി എയ്ഡ്**

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 21514 | 43028000 |
| 2018-19 | 21543 | 43086000 |

വിവിധ പട്ടികജാതി വികസന ആഫീസുകൾ വഴി വിതരണം ചെയ്യുന്ന ടി ആനുകൂല്യം സമയബന്ധിതമായി വിതരണം ചെയ്യുന്നുണ്ടെന്നും വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നുണ്ടെന്നും ജില്ലാ പട്ടികജാതി വികസന ആഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 7. പ്രത്യേക പ്രോത്സാഹന സമ്മാനം

2017-18, 2018-19 എന്നീ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം ധനസഹായം വിതരണം ചെയ്തവരുടെ വിവരം വിവരം ചുവടെ ചേർക്കുന്നു. മറ്റ് പരാമർശങ്ങൾ ഇല്ല.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 2435 | 5933500 |
| 2018-19 | 2101 | 5404500 |

## 8. ബുക്ക് ബാങ്ക് പദ്ധതി

2017-18, 2018-19 വർഷങ്ങളിൽ ബുക്ക് ബാങ്ക് പദ്ധതി പ്രകാരം ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2017-18 | 5 | 242 | 720500 |
| 2018-19 | 3 | 126 | 418200 |

## 9. അഡ്വോക്കേറ്റ് ഗ്രാന്റ്

2018-19 വർഷം ഈ പദ്ധതി പ്രകാരം 9 പേർക്ക് 2,12,400/- രൂപ അനുവദിച്ചതായി കാണുന്നു. ഫയലുകളും രജിസ്റ്ററുകളും നല്ല രീതിയിൽ പരിപാലിക്കുന്നുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 10. ലാപ്ടോപ്പ് വിതരണം

വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2017-18, 2018-19 വർഷങ്ങളിൽ ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ചതുക |
|---|---|---|
| 2017-18 | 232 | 5800000 |
| 2018-19 | 229 | 5725000 |

അക്കൗണ്ടന്റ് ജനറലിന് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 11. സ്റ്റെതസ്കോപ്പ് വിതരണം

മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 2017-18, 2018-19 എന്നീ വർഷങ്ങളിൽ 81 വിദ്യാർത്ഥികൾക്ക് 4,69,800/- രൂപ ഓരോ വർഷവും അനുവദിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 12. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 2017-18 വർഷം 85 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിലേയ്ക്കായി 1,57,250/- രൂപയും 2018-19 വർഷം 117 വിദ്യാർത്ഥികൾക്ക് 2,16,450/- രൂപയും ചെലവഴിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

## 13. മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം

മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി പ്രകാരം 2017-18 വർഷം 39 വിദ്യാർത്ഥികൾക്ക് 3,98,000/- രൂപയും, 2018-19 വർഷം 29 വിദ്യാർത്ഥികൾക്ക് 2,90,000/- രൂപയും

ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എത്ര പേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട് എന്ന വിവരം ലഭ്യമല്ല. വിവിധ വർഷങ്ങളിൽ ഇപ്രകാരം പരിശീലനം ലഭിച്ച എത്ര വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനത്തിന് അർഹത നേടിയിട്ടുണ്ടെന്ന വിവരം വർഷം തിരിച്ച് ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**14. പ്രാഥമിക ചെലവിനുള്ള ഗ്രാന്റ്**

എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവുകൾ നടത്തുന്നതിന് 2017-18, 2018-19 വർഷങ്ങളിൽ ചെലവഴിച്ച തുകകൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | | ചെലവഴിച്ചതുക |
|---|---|---|---|---|
| | എഞ്ചിനീയറിംഗ് | മെഡിക്കൽ | ആകെ | |
| 2017-18 | 55 | 25 | 80 | 525000 |
| 2018-19 | 47 | 37 | 84 | 665000 |

**15. ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ്**

2018-19 വർഷം ടി ഇനത്തിൽ 9,03,027/- രൂപ ചെലവഴിച്ചതായി കാണുന്നു. അംഗീകാരമുള്ള സി.ബി.എസ്.ഇ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ് ലഭിക്കുന്നുണ്ടെന്ന് അസി. ജില്ലാ പട്ടികജാതി വികസന ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ചില പട്ടികജാതി വികസന ആഫീസർമാർ സമയബന്ധിതമായി ടി ആനുകൂല്യം മാറി നൽകുന്നില്ലെന്ന പരാതി ലഭിച്ചിട്ടുള്ളതിനാൽ ജില്ലാ പട്ടികജാതി വികസന ആഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**16. വിജ്ഞാൻവാടി**

ജില്ലയിൽ ഒന്നാം ഘട്ടത്തിൽ അനുവദിച്ച 4 എണ്ണവും രണ്ടാം ഘട്ടത്തിൽ അനുവദിച്ച 15 എണ്ണവും ചേർത്ത് 19 വിജ്ഞാൻവാടികളാണ് നിലവിലുള്ളത്. ഇതിൽ 9 എണ്ണം പ്രവർത്തിക്കുന്നില്ല. ബാക്കിയുള്ളതിന്റെ പ്രവർത്തനം നാമമാത്രമാണ്. വൈദ്യുതിയും അനുബന്ധ സൗകര്യവും മറ്റും ഇല്ലാത്തതാണ് മിക്ക വിജ്ഞാൻവാടികളും പ്രവർത്തിക്കാത്തതിനുള്ള കാരണം. വൈദ്യുതിയും മറ്റ് അനുബന്ധസൗകര്യവും ലഭ്യമാക്കി, ആളെ നിയമിച്ച് അവ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യ/വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് വിജ്ഞാൻവാടി. 2018-19 വർഷം 2,08,598/- രൂപ വിജ്ഞാൻവാടികളുടെ നിർമ്മാണത്തിനും, അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനും മറ്റ് ആവർത്തന ചെലവുകൾക്കായി ചെലവഴിച്ചിട്ടുള്ളതായി കാണുന്നു.

**17. അതിക്രമം തടയൽ നിയമം - ധനസഹായ പദ്ധതി**

2017-18 വർഷം 63 പേർക്ക് ധനസഹായം അനുവദിയ്ക്കുന്നതിനായി 1,29,80,000/- രൂപയും, 2018-19 -ൽ 62 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായി 68,99,826/- രൂപയും ചെലവഴിച്ചതായി കാണുന്നു. ഫയലും, രജിസ്റ്ററും വൃത്തിയായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ പേജ് നമ്പറോ പേജ് സർട്ടിഫിക്കറ്റോ ഇല്ല. വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. അക്കൗണ്ടന്റ് ജനറലിന് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**18. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാതല പരിപാടി സംഘടിപ്പിക്കുന്നതിന് പാലക്കാട് ജില്ലയ്ക്ക് 50,000/- രൂപ അനുവദിച്ചിരുന്നു. ടി തുകയിൽ പ്രാഥമിക ചെലവുകൾക്കായി 20,000/- രൂപ ജി-13676/18 നമ്പർ ഉത്തരവ് പ്രകാരം അഡ്വാൻസായി മാറി. 27.09.2018 -ന് കുഴൽമന്ദം ബ്ലോക്കിൽ വച്ച് ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഉച്ചഭക്ഷണത്തിനായി 30,000/- രൂപ മാറി നൽകി. ടി പരിപാടിയിലേയ്ക്ക് വേണ്ടി മാറിയ മുഴുവൻ തുകയും 27.10.18 -ലെ ജി-13676/18 നം. ഉത്തരവ് പ്രകാരം ക്രമീകരിച്ചതായി കാണുന്നു. മറ്റ് പരാമർശങ്ങളില്ല.

**19. വിവാഹ ധനസഹായം**

2017-18, 2018-19 വർഷങ്ങളിൽ ടി പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ചതുക |
|---|---|---|
| 2017-18 | 1413 | 93500000 |
| 2018-19 | 1132 | 84400000 |

ഫയലും രജിസ്റ്ററുകളും നന്നായി പരിപാലിച്ചിട്ടുണ്ട്. വിവിധ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യുക.

**20. മിശ്ര വിവാഹ ധനസഹായം**

പരിശോധനാ കാലയളവിൽ ടി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണവും ചെലവ് വിവരവും ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ചതുക |
|---|---|---|
| 2017-18 | 142 | 7475000 |
| 2018-19 | 172 | 11520000 |

രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. ചില പേജുകളിൽ ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പട്ടികജാതി വികസന ആഫീസർമാർ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തി വിവരം റിപ്പോർട്ട് ചെയ്യുക.

**21. സ്വയംതൊഴിൽ ധനസഹായ പദ്ധതി**

2017-18 വർഷം 70 പേർക്ക് ധനസഹായം അനുവദിക്കുന്നതിനായി 52,23,951/- രൂപയും, 2018-19 -ൽ 51 പേർക്ക് 43,72,341/- രൂപയും ചെലവഴിച്ചതായി കാണുന്നു. ആനുകൂല്യം അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററിൽ പേജ് നമ്പർ & പേജ് സർട്ടിഫിക്കറ്റ് ഇല്ല. കൂടാതെ എല്ലാ പട്ടികജാതി വികസന ആഫീസർമാരിൽ നിന്ന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

**22. വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായം**

പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി വകുപ്പിൽ നിന്ന് ധനസഹായം അനുവദിക്കുന്നുണ്ട്. ടി ഇനത്തിൽ പരിശോധനാ കാലയളവിലുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ചതുക |
|---|---|---|
| 2017-18 | 70 | 2470000 |
| 2018-19 | 118 | 5700000 |

ഫയലും രജിസ്റ്ററും നന്നായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ പേജ് നമ്പർ & പേജ് സർട്ടിഫിക്കറ്റ് ഇല്ല. അക്കൗണ്ടന്റ് ജനറലിന് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ച വിവരം റിപ്പോർട്ട് ചെയ്യുക.

**23. ചികിത്സാ ധനസഹായം**

2017-18, 2018-19 വർഷങ്ങളിൽ ചികിത്സാ ധനസഹായം നൽകിയതിന്റെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ചതുക |
|---|---|---|
| 2017-18 | 3515 | 65083000 |
| 2018-19 | 1684 | 32969000 |

2017-18 വരെ രജിസ്റ്റർ വൃത്തിയായി പരിപാലിച്ചിട്ടുണ്ട്. 2018-19 മുതൽ ആനുകൂല്യം റ്റി-ഗ്രാന്റ്സ് വഴി നൽകുന്നതിനാൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. പരിശോധനയ്ക്കായി ഗുണഭോക്താക്കളുടെ വിവരം, അനുവദിച്ച തുക, തീയതി എന്നീ വിവരങ്ങൾ ഉള്ള പ്രിന്റ് സെറ്റിൽ നിന്ന് എടുത്ത് രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്.

**24. ടോയ്‌ലറ്റ് ഗ്രാന്റ്**

പാലക്കാട് ജില്ലയിൽ ടി പദ്ധതിയുടെ 2012-13 മുതൽ 2015-16 വരെയുള്ള ഭൗതിക പുരോഗതി ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഒന്നാം ഗഡു അനുവദിച്ചവർ | രണ്ടാം ഗഡു അനുവദിച്ചവർ | പൂർത്തിയാക്കിയവർ | പൂർത്തിയാക്കാത്തവർ |
|---|---|---|---|---|---|
| 2012-13 | 3272 | 3272 | 3272 | 3272 | - |
| 2013-14 | 3324 | 3324 | 3324 | 3324 | - |
| 2014-15 | 2264 | 2264 | 2255 | 2255 | 9 |
| 2015-16 | 2192 | 2192 | 1684 | 1684 | 508 |

2015-16 വർഷത്തെ 508 പേർ ഉൾപ്പെടെ ആകെ 517 പേർ ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്നു. കേരളത്തെ സമ്പൂർണ്ണ ഒ.ഡി.എഫ് സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ടി പദ്ധതി ഇനിയും പൂർത്തിയാക്കാത്ത സാഹചര്യം അഭികാമ്യമല്ല. സ്പിൽ ഓവർ ആയിട്ടുള്ളവ പൂർത്തിയാക്കാൻ ഡയറക്ടറുടെ 19.07.19 തീയതിയിലെ പി3-28500/17 നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ പൂർത്തിയാക്കാതെ അവശേഷിക്കുന്നവ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

**25. ഭൂരഹിത പുനരധിവാസ പദ്ധതി**

2017-18, 2018-19 എന്നീ വർഷങ്ങളിൽ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരുടെ എണ്ണവും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ചതുക |
|---|---|---|
| 2017-18 | 462 | 176466844 |
| 2018-19 | 504 | 194726250 |

ടി പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എല്ലാ പട്ടികജാതി വികസന ആഫീസർമാരും അക്കൗണ്ടന്റ് ജനറലിന് അയച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

**26. ഭവന നിർമ്മാണ പദ്ധതി**

2007-08 മുതൽ 2017-18 വരെയുള്ള ഭവന നിർമ്മാ ധനസഹായ പദ്ധതിയുടെ പുരോഗതി. വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഭൗതിക ലക്ഷ്യം | പണി പൂർത്തിയാക്കിയ വീടുകളുടെ എണ്ണം | 01.04.2019 -ൽ പണി പൂർത്തിയാക്കാതെ അവശേഷിക്കുന്ന വീടുകളുടെ എണ്ണം | പൂർത്തിയാക്കാതെ അവശേഷിക്കുന്ന വീടുകളുടെ സ്റ്റേജ് | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 979 | 872 | 107 | 22 | 40 | 45 |
| 2008-09 | 1252 | 1120 | 132 | 20 | 43 | 69 |
| 2009-10 | 1600 | 1433 | 169 | 37 | 49 | 81 |
| 2010-11 | 781 | 636 | 145 | 39 | 53 | 53 |
| 2011-12 | 514 | 437 | 77 | 23 | 21 | 33 |
| 2012-13 | 691 | 592 | 99 | 10 | 38 | 51 |
| 2013-14 | 728 | 528 | 200 | 7 | 111 | 82 |
| 2014-15 | 586 | 525 | 61 | 16 | 14 | 31 |
| 2015-16 | 724 | 616 | 108 | 29 | 45 | 34 |
| 2016-17 | 2120 | 1486 | 634 | 187 | 199 | 248 |
| 2017-18 | 1198 | 551 | 647 | 163 | 225 | 259 |

ഇപ്പോഴും ഒന്നാം ഗഡുവിൽ നിൽക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ അന്വേഷിക്കേണ്ടതാണ്. ഇനി പൂർത്തിയാക്കാനുള്ള വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ഇവ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 27. ഭവന പുനരുദ്ധാരണ പദ്ധതി

| വർഷം | അനുമതി ലഭിച്ചത് | അനുവദിച്ച ഗഡുക്കൾ | | പൂർത്തിയായവ | ഇനിയും പൂർത്തിയാകാനുള്ളവ |
|---|---|---|---|---|---|
| | | 1 | 2 | | |
| 2013-14 | 784 | 784 | 664 | 664 | 120 |
| 2014-15 | 839 | 839 | 795 | 795 | 44 |
| 2015-16 | 817 | 817 | 762 | 762 | 55 |
| 2016-17 | 878 | 878 | 816 | 816 | 62 |
| ആകെ | 3318 | 3318 | 3037 | 3037 | 281 |

2013-14 മുതൽ 2016-17 വരെയുള്ള ഭവന പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി വിവരങ്ങൾ മുകളിൽ ചേർത്തിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാൻ അവശേഷിക്കുന്ന 281 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**28. ദുർബല വിഭാഗ പുനരധിവാസ പദ്ധതി**

2017-18, 2018-19 വർഷങ്ങളിൽ ടി പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | സറണ്ടർ തുക |
|---|---|---|---|---|
| 2017-18 | 185 | 23500000 | 23280000 | 220000 |
| 2018-19 | 413 | 160282500 | 106504172 | 53778328 |

ജില്ലാ ആഫീസിൽ നിന്ന് ബ്ലോക്ക്/മുനിസിപ്പാലിറ്റി പട്ടികജാതി വികസന ആഫീസർമാർക്ക് വിതരണം ചെയ്യുന്നതിന്റെ വിവരം പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുത്തതിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**29. അംബേദ്ക്കർ ഗ്രാമം**

അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്നതും നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ 2 കോളനികളെ വീതം ഒരു നിയോജക മണ്ഡലത്തിൽ നിന്നു തെരഞ്ഞെടുത്ത് ഓരോ കോളനിയിലും ഒരു കോടി രൂപയുടെ പ്രവർത്തനനങ്ങൾ നടത്തുന്ന പദ്ധതിയാണ് അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി. പാലക്കാട് ജില്ലയിൽ 31 കോളനികളെ തെരഞ്ഞെടുത്തു. ഇതിൽ 25 എണ്ണം ജില്ലാ നിർമ്മിതി കേന്ദ്രത്തിന്, 1 സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്, 4 എണ്ണം കെൽട്രോണിനും നൽകിയിട്ടുണ്ട്. ഈ 31 കോളനികളിൽ 23 എണ്ണത്തിന്റെ നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞു. പണികൾ പുരോഗമിക്കുന്നു. 4 എണ്ണം A.S ലഭിച്ചെങ്കിലും. നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞിട്ടില്ല. 3 എണ്ണം ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരെണ്ണം മാറ്റി പകരം പുതിയ ഒരു കോളനിയെ തെരഞ്ഞെടുത്തു. പല കോളനികളുടെയും പണികൾ 50% -ത്തിന് മേൽ പൂർത്തീകരിച്ചിട്ടുണ്ട്. കോളനികളുടെ നിർമ്മാണ പുരോഗതി അറിയിക്കേണ്ടതാണ്.

## ഭാഗം IV

**മറ്റ് രജിസ്റ്ററുകൾ**

1. **ഇൻക്രിമെന്റ് രജിസ്റ്റർ**

രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. രേണുക. കെ, കുക്ക്, പി.എം.എച്ച് പാലക്കാട് എന്ന ജീവനക്കാരിയുടെ [illegible] ബേസിക് പേ, ഇൻക്രിമെന്റ് ഡേറ്റ്, ഫ്യൂച്ചർ പേ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ചില ജീവനക്കാരുടെ ഇൻക്രിമെന്റ് തീയതി രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

2. **അലോട്ട്മെന്റ് രജിസ്റ്റർ**

രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. ചില പേജുകളിൽ ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റ് പരാമർശങ്ങൾ ഇല്ല.

3. **ഇൻക്യുബെന്റ് രജിസ്റ്റർ**

വൃത്തിയായിട്ട് പരിപാലിച്ചിട്ടുണ്ട്. പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ജീവനക്കാരുടെ വിവരങ്ങൾ വിട്ടുപോയിട്ടുണ്ട്. അവ കൂടി രേഖപ്പെടുത്തേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

4. **പേബിൽ രജിസ്റ്റർ**

ട്രാൻസ്ഫർ ആയിപ്പോയ ജീവനക്കാരുടെ, റിലീവിംഗ് ഉത്തരവ്, എൽ.പി.സി പകർപ്പ് എന്നിവ സൂക്ഷിച്ചിട്ടില്ല. ചില പേജുകളിൽ ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില ജീവനക്കാരുടെ Scale of Pay, Increment date, GPF/SLI, GIS നമ്പരുകൾ പൂരിപ്പിച്ചിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. മുൻ ആഡിറ്റ് പരാമർശം പ്രകാരം ഇപ്പോൾ അബ്സ്ട്രാക്ട് എഴുതുന്നുണ്ട്.

**5. ലോഗ് ബുക്ക്**

(a) KL-01BB-5157 മഹീന്ദ്ര ബൊലേറോ (ഡീസൽ-2011 മോഡൽ) ആണ് നിലവിൽ ഈ ആഫീസിൽ ഉപയോഗിച്ചു വരുന്ന വാഹനം. 08.03.2019 -ലെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റ് പ്രകാരം 12.50 കി.മീ/ലിറ്റർ ഡീസൽ ആണ് അനുവദിയ്ക്കപ്പെട്ട മൈലേജ്. പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പ്രതിമാസ ഇന്ധന പരിധി 95 ലിറ്റർ ഡീസൽ ആണ്. 1.02.2018 മുതൽ 31.03.2018 വരെയുള്ള കാലയളവിലെ ഇന്ധന ഉപഭോഗം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| Month | Sock of fuel (in Lr.) | Fuel purchase for the month (in Lr.) | Tottal (in Lr.) | Journey (in K.M) | Fuel used for the month (in Lr) | Balance (in Lr.) | Excess if any (in Lr.) |
|---|---|---|---|---|---|---|---|
| 02/2018 | 17.89 | 80.00 | 97.89 | 836 | 66.88 | 31.01 | NIL |
| 03/2018 | 31.01 | 169.00 | 200.01 | 1761 | 140.88 | 59.22 | 45.88 |
| 04/2018 | 59.22 | 40.00 | 99.22 | 851 | 68.08 | 31.14 | NIL |
| 05/2018 | 31.14 | 47.00 | 78.14 | 565 | 45.20 | 32.94 | NIL |
| 06/2018 | 32.94 | 48.00 | 80.94 | 615 | 49.20 | 31.74 | NIL |
| 07/2018 | 31.74 | 87.00 | 118.74 | 1076 | 86.08 | 32.66 | NIL |
| 08/2018 | 32.66 | 135.00 | 167.66 | 1354 | 108.32 | 59.00 | 13.30 |
| 09/2018 | 59.00 | 103.00 | 162.00 | 1666 | 133.28 | 28.72 | 38.28 |
| 10/2018 | 28.72 | 108.00 | 136.72 | 1215 | 97.20 | 35.52 | 2.20 |
| 11/2018 | 35.52 | 45.00 | 80.52 | 664 | 53.12 | 27.40 | NIL |
| 12/2018 | 27.40 | 114.47 | 141.87 | 1362 | 108.96 | 32.91 | 13.96 |
| 01/2019 | 32.91 | 87.37 | 120.28 | 1191 | 95.28 | 25.00 | .28 |
| 02/2019 | 25.00 | 93.51 | 118.51 | 1220 | 97.60 | 20.91 | 2.60 |
| 03/2019 | 20.91 | 200.00 | 220.91 | 2279 | 182.32 | 38.59 | 87.32 |

(b) പരിശോധനാ കാലയളവിൽ ആകെ 203.84 ലിറ്റർ ഡീസൽ അധികമായി ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. ഇന്ധന പരിധി അധികരിച്ച മാസങ്ങളിലെ ഇന്ധന ഉപഭോഗം സംബന്ധിച്ച് മേൽ ആഫീസിലേയ്ക്ക് എഴുതി സാധൂകരണ ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

(c) ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) -ന്റെ ഇ4/2019/251/9, തീയതി : 15.03.2019 പ്രകാരം ഈ വാഹനം 16.03.2019 -ന് വൈകുന്നേരം 5 മണിയ്ക്ക് ഇലക്ഷൻ ആവശ്യങ്ങൾക്കായി വിട്ടു കൊടുത്തിട്ടുള്ളതായി കാണുന്നു.

(d) 20.02.2019 മുതൽ 27.02.2019 വരെയുള്ള കാലയളവിൽ വണ്ടി ഉപയോഗിച്ച ഓഫീസർ ലോഗ്ബുക്കിലെ കോളം 8 -ലും 13 -ലും ഒപ്പ് വെച്ചിട്ടില്ല. (ലോഗ് ബുക്ക് പേജ് 83 - 85) ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(e) പരിശോധനാ കാലയളവിൽ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള മാസാന്ത്യ സംക്ഷിപ്തം ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**6. വാഹനത്തിന്റെ ഹിസ്റ്ററി ബുക്ക് (History book of Vehicle)**

G.O(P) No. 161/2006/Fin, Dated : 31.03.2006 പ്രകാരം സ്വന്തമായി വാഹനം ഉപയോഗിയ്ക്കുന്ന എല്ലാ ഓഫീസുകളിലും History book of Vehicle സൂക്ഷിയ്ക്കേണ്ടതാണ്. വാഹനത്തിന്റെ Engine specifications, Officer incharge of the vehicle, Insurance policy particulars, Pollution under control details, monthly log book summar, repair and maintenance details തുടങ്ങിയ എല്ലാ വിവരങ്ങളും ടി ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ ആഫീസിൽ അപ്രകാരം ഹിസ്റ്ററി ഓഫ് വെഹിക്കിൾ പരിപാലിച്ചിട്ടില്ല. ആയത് പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. **ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

(a) വകുപ്പ്തല ഓഡിറ്റുമായി ബന്ധപ്പെട്ട ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ ഇപ്പോൾ പരിപാലിച്ചു കാണുന്നു. എന്നാൽ ആയത് അപ് ടു ഡേറ്റ് ആക്കി സൂക്ഷിച്ചിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

(b) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റുമായി ബന്ധപ്പെട്ട് ടി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. Art. 63 of KFC Vol. I പ്രകാരമുള്ള ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. **സർവ്വീസ് ബുക്ക് രജിസ്റ്റർ**

രജിസ്റ്റർ പരിപാലിച്ചു വരുന്നു. ആയത് അപ് ടു ഡേറ്റ് ആക്കി സൂക്ഷിയ്ക്കേണ്ടതാണ്.

9. **സേവന പുസ്തകങ്ങൾ**

ശ്രീ. മനോജ്. പി, (യു.ഡി ടൈപ്പിസ്റ്റ്), ശ്രീ. അരുൺ. ആർ (ഓഫീസ് അറ്റൻഡന്റ്) എന്നിവരുടെ സർവ്വീസ് ബുക്കിലെ Personal Memoranda -യിൽ ഒട്ടിച്ചിട്ടുള്ള ഫോട്ടോ അറ്റസ്റ്റ് ചെയ്തിട്ടില്ല. മിക്ക ജീവനക്കാരുടെയും എച്ച്.പി.എൽ അക്കൗണ്ടുകൾ അപ് ടു ഡേറ്റ് ആക്കിയിട്ടില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

10. **കണ്ടിജന്റ് രജിസ്റ്റർ**

രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. എന്നാൽ ചില പേജുകളിൽ പ്രോഗ്രസ്സീവ് ടോട്ടൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ജില്ലാ പട്ടികജാതി വികസന ആഫീസർ/ അസി. ജില്ലാ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റ് പരാമർശങ്ങൾ ഇല്ല.

11. **ഡെസ്പാച്ച്-കം-സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

രജിസ്റ്റർപരിപാലിച്ചിട്ടുണ്ട്. പരിശോധനാ സമയത്ത് (23.07.2019) 5,433/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു. ഇത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. മാസംതോറും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ത്രൈവാര ഭൗതിക പരിശോധാ ആഡിറ്റ് കാലയളവിലെ ആദ്യത്തെ കുറച്ച് മാസങ്ങളിൽ നടത്തിയതായി കാണുന്നില്ല. ഇപ്പോൾ തുടർന്നും ത്രൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നുണ്ടെന്ന് ജില്ലാ പട്ടികജാതി വികസന ആഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

12. **ആസ്തി രജിസ്റ്റർ**

ആസ്തി രജിസ്റ്റർ നിലവിൽ പരിപാലിച്ചിട്ടില്ല. വകുപ്പിന്റേതായിട്ടുള്ള വസ്തു വകകളുടെ (ഭൂമിയും, കെട്ടിടങ്ങളും) വിവരം ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## പൊതു അഭിപ്രായം

പാലക്കാട് ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം തൃപ്തികരമാണ്. ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിലെ സ്ഥല സൗകര്യം അപര്യാപ്തമാണ്. ഫയൽ, രജിസ്റ്റർ, മറ്റ് ഓഫീസ് സാമഗ്രികൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിൽ ഓഫീസ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കുന്നു. എന്നാൽ വകുപ്പ് തല/അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് പരാമർശങ്ങൾക്കും കൃത്യമായി മറുപടി നൽകുന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. വിവിധ പദ്ധതികൾക്കായി ബ്ലോക്ക്/മുനിസിപ്പാലിറ്റി പട്ടികജാതി വികസന ആഫീസുകൾ വഴി ചെലവഴിക്കുന്ന തുക സംബന്ധിച്ച വിവരം രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ടി ഓഫീസുകൾ വഴി ചെലവഴിക്കുന്ന തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം അക്കൗണ്ടന്റ് ജനറലിന് അയക്കുന്നുണ്ടെന്ന് ജില്ലാ ആഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

[signature]

ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

S 21.10.19